**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1846** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ; | (എ) | **കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ പ്ലേ ഫോർ ഹെൽത്ത് നിലവിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ കാസർഗോഡ് ജില്ലയിലെ കീക്കാംകോട്ട് ഗവ എൽ.പി. സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് (നിലവിൽ ഗോൾ) നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ബല്ല ഈസ്റ്റ് ഗവ ഹൈസ്കൂൾ, ജി.എഫ്.എച്ച്.എസ്.എസ്, പടന്നക്കടപ്പുറം, എന്നീ സ്കൂളുകളെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാസ്റൂട്ട് അത്‌ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ജി.എച്ച്.എസ്.എസ്.ഉദിനൂർ സ്കൂളിനെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഓരോ സെന്ററിനും പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.**<br><br>**എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം** |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് സ്റ്റേഡിയം എന്നീ പദ്ധതികളും പ്രാഥമിക ലിസ്റ്റിൽ അംഗീകരിച്ചിട്ടുണ്ട്. .<br><br>ടൂറിസം വകുപ്പിന് കീഴിൽ 7 ജില്ലകളിൽ ഓപ്പൺ ജിം പദ്ധതി സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതിൽ കാസറഗോഡ് ജില്ലയിലെ വലിയപറമ്പ് ബീച്ചിനെ ഉൾപ്പെടുത്തിയിട്ടുണ്ട് .<br><br>കാസറഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ 20.76 കോടി രൂപ ചെലവിൽ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള 29.32 കോടി രൂപ അടങ്കൽ വരുന്ന തൃക്കരിപ്പൂർ എം.ആർ.സി കൃഷ്ണൻനായർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>തൃക്കരിപ്പൂർ മണ്ഡലത്തിൽ 9 സ്ഥലങ്ങളിലായി ഓപ്പൺ ജിം സ്ഥാപിക്കുന്നതിനും ചെറുവത്തൂരിൽ ഒരു സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ പ്ലേ ഫോർ ഹെൽത്ത് നിലവിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ കാസർഗോഡ് ജില്ലയിലെ കീക്കാംകോട്ട് ഗവ എൽ.പി. സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് (നിലവിൽ ഗോൾ) നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ബല്ല ഈസ്റ്റ് ഗവ ഹൈസ്കൂൾ, ജി.എഫ്.എച്ച്.എസ്.എസ്, പടന്നക്കടപ്പുറം, എന്നീ സ്കൂളുകളെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാസ്റൂട്ട് അത്‌ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ജി.എച്ച്.എസ്.എസ്.ഉദിനൂർ സ്കൂളിനെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഓരോ സെന്ററിനും പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.<br><br>എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം പഞ്ചായത്ത് സ്റ്റേഡിയം എന്നീ പദ്ധതികളും പ്രാഥമിക ലിസ്റ്റിൽ അംഗീകരിച്ചിട്ടുണ്ട്. .<br><br>ടൂറിസം വകുപ്പിന് കീഴിൽ 7 ജില്ലകളിൽ ഓപ്പൺ ജിം പദ്ധതി സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതിൽ കാസറഗോഡ് ജില്ലയിലെ വലിയപറമ്പ് ബീച്ചിനെ ഉൾപ്പെടുത്തിയിട്ടുണ്ട് .<br><br>കാസറഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ 20.76 കോടി രൂപ ചെലവിൽ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള 29.32 കോടി രൂപ അടങ്കൽ വരുന്ന തൃക്കരിപ്പൂർ എം.ആർ.സി കൃഷ്ണൻനായർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>തൃക്കരിപ്പൂർ മണ്ഡലത്തിൽ 9 സ്ഥലങ്ങളിലായി ഓപ്പൺ ജിം സ്ഥാപിക്കുന്നതിനും ചെറുവത്തൂരിൽ ഒരു സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ